**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2543** **17-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി. യുടെ വായ്പ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **null<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ മേഖലയ്ക്ക് വായ്പ സഹായം ലഭ്യമാക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം എത്രത്തോളം ഫലപ്രദമായിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് വായ്പ സഹായം ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ കെ.എഫ്.സി.യുടെ പങ്ക് വളരെ വലുതാണ്. നാളിതുവരെ കേരളത്തി ലുടനീളം 65000 പ്രോജക്ടുകൾക്ക് കെ.എഫ്.സി വായ്പാ സഹായം നൽകുകയുണ്ടായി. MSME വായ്പ വഴി ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിൽ മുഖ്യപങ്ക് കെ.എഫ്.സി. യുടേതാണ്. 2020-21 സാമ്പത്തിക വർഷം മാത്രം 4660 സംരംഭകർക്കായിഏകദേശം 4164 കോടി രൂപ വായ്പാനുമതി കെ.എഫ്.സി നൽകുകയുണ്ടായി. |
| (ബി) | ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും വായ്പ ലഭ്യമാക്കുവാൻ കെ.എഫ്.സി. പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വർഷം തോറും 2000 സംരംഭകർക്ക് 5% പലിശ നിരക്കിൽ ലളിത വ്യവസ്ഥയിൽ വായ്പ നൽകുന്ന മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി, കെ.എഫ്.സി വഴി സർക്കാർ നടപ്പിലാക്കി വരുന്നു. നിലവിലുള്ള മറ്റ് വായ്പാ പദ്ധതികൾക്കുള്ള അടിസ്ഥാന പലിശ നിരക്ക് 8% ആയും കുറച്ചിട്ടുണ്ട്. |
| (സി) | വ്യവസായ വാണിജ്യ മേഖലയ്ക്ക് മെച്ചപ്പെട്ട വായ്പ സഹായം ലഭ്യമാക്കുന്നതിനായി കെ.എഫ്.സി. യുടെ വായ്പ നയം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നയം പരിഷ്കരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 4500 കോടി രൂപയുടെ വായ്പ അനുമതി നൽകാനും 3400 കോടി രൂപ വായ്പാ വിതരണം നടത്തുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 50% MSME കൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ വ്യവസായ മേഖലയെ സഹായിക്കാനായി താഴെ പറയുന്ന പരിഷ്കാരങ്ങളാണ് കെ.എഫ്.സി പുതിയ വായ്പാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1. കെ.എഫ്.സി വായ്പകൾക്ക് RBI നിബന്ധനകൾക്ക് വിധേയമായുള്ള മോറട്ടോറിയവും തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | പുന:ക്രമീകരണവും 2. പ്രതിസന്ധിയിലായ ടൂറിസം, ചെറുകിട മേഖലകളിലെ വ്യവസായങ്ങൾക്ക് 20% അധിക വായ്പ. 3. കോവിഡ് പ്രതിരോധ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് 90% വരെ വായ്പ. 4. ചെറുകിട വ്യവസായം, ആരോഗ്യ പരിപാലനം, ടൂറിസം മേഖലയിലെ യൂണിറ്റുകളുടെ കുറഞ്ഞ പലിശ 9.5% ത്തിൽ നിന്ന് 8% ആയി കുറച്ചു ഉയർന്ന പലിശ നിരക്ക് 12% - ൽ നിന്ന് 10.50% ആയി കുറച്ചു. 5. സ്റ്റാർട്ടപ്പുകൾക്ക് 10 കോടി വരെ വായ്പ. 6. വ്യവസായ എസ്റ്റേറ്റിലെ യൂണിറ്റുകൾക്ക് പ്രത്യേക വായ്പാ പദ്ധതി. |
| (ഡി) | ആശയ രൂപീകരണം മുതൽ വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും സഹായം നൽകുന്ന വിധം കെ.എഫ്.സി. സ്റ്റാർട്ട് അപ്പ് കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവൽക്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിംഗ് അപ്പിന് ഒരു കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇത് കൂടാതെ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), ഐ.ടി / ഹാർഡ് വെയർ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ), സർക്കാർ ഡിപ്പാർട്ട്മെന്റിന്റെ ആവശ്യങ്ങൾക്കായി UNO നിർദ്ദേശിച്ചിട്ടുള്ള വസ്തുക്കളുടെ നിർമ്മാണത്തിലേർപ്പെട്ടിരി ക്കുന്നവർക്ക് സീഡ് വായ്പാ സഹായം (1 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ